ആദിവാസി കലാരൂപങ്ങൾ പഠിപ്പിക്കുന്നതിനായി കളരികൾ സ്ഥാപിക്കാൻ നടപടി

*7 [423] ശ്രീ. എ. സുജനപാൽ:

" എൻ. ഡി. അപ്പച്ചൻ:

" എം. എ. ചന്ദ്രശേഖരൻ:

" അടൂർ പ്രകാശ്:

" വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കലാരൂപങ്ങൾക്ക് വ്യാപകമായ പ്രചരണം നൽകുന്നതിനും ആദിവാസികളെ അതിൽ നിപുണരാക്കുന്നതിനും എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ആദിവാസി കലകളിൽ കൂടുതൽ നൈപുണ്യം സിദ്ധിച്ച ആദിവാസികളെക്കൊണ്ട് അവരുടെ കലാരൂപങ്ങൾ മറ്റുള്ളവരെ പഠിപ്പിക്കുന്നതിനുള്ള കളരികൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സാസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) പ്രത്യേകം പദ്ധതികളില്ല. എന്നാൽ കേരളാ ഫോക്‌ലോർ അക്കാദമി ആദിവാസി കലാമേളകളും ആദിവാസി ഗോത്ര സംസ്കൃതിയെക്കുറിച്ച് വിപുലമായ ശിൽപശാലകളും സംഘടിപ്പിക്കുകയും പ്രശസ്തരായ ആദിവാസി കലാകാരന്മാർക്ക് അവാർഡുകളും നൽകി വരികയും ചെയ്യുന്നുണ്ട്.

(ബി) ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

പൊതുമേഖലാ ബാങ്കുകളിൽനിന്ന് സർക്കാർ എടുക്കുന്ന വായ്പ

*8 [424] ശ്രീ. പി. നാരായണൻ:

" കെ. പി. രാജേന്ദ്രൻ:

" എൻ. രാജൻ:

" ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പൊതുമേഖലാ ബാങ്കുകളിൽനിന്ന് സർക്കാർ വായ്പയെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് സർക്കാരും പൊതുമേഖലാ ബാങ്കുകളുടെ മേധാവികളുമായി നടന്ന ചർച്ചയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പൊതുമേഖലാ ബാങ്കുകളിലെ നിക്ഷേപം 2004 മാർച്ച് 31 വരെ എത്രയാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ബാങ്കുകളിലെ നിക്ഷേപം വായ്പയായി നൽകുന്നതിൽ ബാങ്കുകളുടെ നിബന്ധനകളും സാങ്കേതിക തടസ്സങ്ങളുംമൂലം സംസ്ഥാനത്തെ കാർഷിക വ്യവസായ വികസന ആവശ്യങ്ങൾക്ക് ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വായ്പാ വിതരണത്തിന്റെ തടസ്സങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്തുള്ള ചില പൊതുമേഖലാ ബാങ്കുകളുടെ ആസ്ഥാനം അന്യസംസ്ഥാനങ്ങളിലായതിനാൽ സംസ്ഥാന താൽപ്പര്യം സംരക്ഷിക്കപ്പെടുന്നില്ലായെന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) സംസ്ഥാനത്തുള്ള ചില ഷെഡ്യൂൾഡ് ബാങ്കുകളുടെ ആസ്ഥാനം കേരളത്തിൽനിന്നു മാറ്റുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) പൊതുമേഖലാ ബാങ്കുകളിൽനിന്നും സർക്കാർ വായ്പയെടുക്കാൻ തീരുമാനിച്ചിട്ടില്ല.

(ബി) 44,697 കോടി രൂപ

(സി) ഇത്തരത്തിലുള്ള യാതൊരു പരാതികളും ലഭിച്ചിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) സംസ്ഥാന സർക്കാർ ആവശ്യമായ കാര്യങ്ങൾ പൊതുമേഖലാ ബാങ്കുകളുടെ പ്രതിനിധികളുടെ കമ്മിറ്റിയായ സ്റ്റേറ്റ് ലവൽ ബാങ്കിംഗ് കമ്മിറ്റി (എസ്.എൽ.ബി.സി.) മുഖേനയാണ് ഉന്നയിക്കാറുള്ളത്. അതിന് വേണ്ട പരിഗണന കിട്ടാറുണ്ട്. ആയതിനാൽ പൊതുമേഖലാ ബാങ്കുകളുടെ ആസ്ഥാനം അന്യ സംസ്ഥാനങ്ങളിലായതിനാൽ സംസ്ഥാന താൽപര്യം സംരക്ഷിക്കപ്പെടുന്നില്ലായെന്നത് പ്രസക്തമല്ല.

(എഫ്) ഇല്ല.

സ്മാരകങ്ങൾ പഠന ഗവേഷണ കേന്ദ്രങ്ങളാക്കാൻ നടപടി

*9 [425] ശ്രീ. കെ. ബി. ഗണേഷ് കുമാർ:

" ഷിബു ബേബി ജോൺ:

" ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാകവികളുടെ സ്മാരകങ്ങൾ വിദേശീയർ ഉൾപ്പെടെയുള്ള ഗവേഷണ വിദ്യാർത്ഥികൾക്ക് താമസിച്ച് പഠനം നടത്തുവാൻ സൗകര്യം ഉണ്ടാക്കി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly